**ചട്ടങ്ങളുടെ ഭേദഗതികളുടെ പരിഗണന**

മി. സ്പീക്കർ: 2014 ജനുവരി മാസം 7-ാം_തീയതി സഭയുടെ മേശപ്പുറത്തുവച്ച 2013 നവംബർ 25-ാം തീയതിയിലെ നോട്ടിഫിക്കേഷൻ ജി.ഒ. (എം. എസ്) നമ്പർ 12/2013/പി.എ.ഡി (എസ്.ആർ.ഒ. നമ്പർ 924/2013) മുഖേന ഭേദഗതി ചെയ്ത 2013-ലെ മെമ്പേഴ്സ് ഓഫ് ദി കേരള ലെജിസ്ലേറ്റീവ് അസംബ്ലി (ഹൗസ് ബിൽഡിംഗ് അഡ്വാൻസ്) ഭേദഗതി ചട്ടങ്ങൾക്ക് ഭേദഗതി നിർദ്ദേശിച്ചുകൊണ്ട് ശ്രീ. ബി.ഡി. ദേവസ്സി നല്കിയ നോട്ടീസ്.

ശ്രീ. ബി. ഡി. ദേവസ്സി, അങ്ങേയ്ക്ക് ഭേദഗതികൾ അവതരിപ്പിക്കാവുന്നതാണ്.

ശ്രീ. ബി. ഡി. ദേവസ്സി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

I. In Rule 7(1) of the parent rules proposed to be substituted by Rule 2(2)(i) for the figure “120”, the words “one hundred and eighty” shall be substituted.

II. In Rule 7 (3) of the parent rules proposed to be amended by Rule 2(2)(ii) for the figure “100”, the words “one hundred and fifty” shall be substituted.

III. In Rule 8(2) of the parent rules proposed to be amended by Rule 2(3) for the figure “20”, the word “thirty” shall be substituted.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, എം.എൽ.എ-മാർക്ക് നൽകുന്ന ഭവന നിർമ്മാണ വായ്പ തിരിച്ചടയ്ക്കുന്നതിനുള്ള കാലാവധി നീട്ടുന്നതിനു വേണ്ടിയുള്ള ഭേദഗതികളാണ് ശ്രീ. ബി. ഡി. ദേവസ്സി അവതരിപ്പിച്ചത്. അത് അംഗീകരിക്കുന്നതിൽ ഗവൺമെന്റിന് വിരോധമില്ല. 120 തവണ എന്നുള്ളത് അദ്ദേഹം നിർദ്ദേശിച്ചതുപോലെ 180 ഇൻസ്റ്റാൾമെന്റുകളാക്കുന്നു. അതുപോലെ രണ്ടാമത്തെ ഭേദഗതി- 100 എന്നുള്ളത് 150 ആക്കി മാറ്റുന്ന തിനും മൂന്നാമത്തെ ഭേദഗതി 20 എന്നുള്ളത് 30 ഉം ആക്കി മാറ്റണമെന്നുള്ള താണ്. മൂന്ന് ഭേദഗതികളും അതേപടി അംഗീകരിക്കുന്നു.

മി. സ്പീക്കർ: ഭേദഗതികൾ സഭ അംഗീകരിച്ചിരിക്കുന്നു.

സഭയുടെ അറിവിനുവേണ്ടി പറയുന്നതാണ്. അജണ്ടയിൽ അവസാനം പറഞ്ഞിരിക്കുന്ന ബില്ല് ആദ്യം അവതരിപ്പിക്കുകയാണ്.

നിയമനിർമ്മാണകാര്യം